പതിമൂന്നാം കേരള നിയമസഭ

പത്താം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ. 3782 — 31.01.2014-ൽ മറുപടിയ്ക്ക്

# വൈദ്യുതി ഉപയോഗവും ഉത്പാദനവും

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീമതി. കെ.എസ്. സലീഖ : | | ശ്രീ. ആര്യാടൻ മുഹമ്മദ് (ഊർജ്ജ വകുപ്പു മന്ത്രി) | |
| (എ) | സംസ്ഥാനത്തെ പ്രതിദിന വൈദ്യുത ഉല്പാദനത്തിൽ തെർമൽ, ഡീസൽ പ്ലാൻറുകളിൽ നിന്നും എത്ര ദശലക്ഷം യൂണിറ്റ് ലഭിക്കുന്നു , വ്യക്തമാക്കുമോ ; | (എ) | ഡിസംബർ മാസത്തെ കണക്കു പ്രകാരം ശരാശരി പ്രതിദിന ആഭ്യന്തര ഉല്പാദനം, 20.73 ദശലക്ഷം യൂണിറ്റാണ്. ഇതിൽ കെ. ഡി. പി. പി / ബി. ഡി. പി. പി യിൽ നിന്നുള്ള ശരാശരി ഉല്പാദനം 0.32 ദശലക്ഷം യൂണിറ്റാണ്. |
| (ബി) | നിലവിൽ പുറമെ നിന്നും ശരാശരി പ്രതിദിനം എത്ര ദശലക്ഷം യൂണിറ്റ് വാങ്ങുന്നുണ്ട് ; യൂണിറ്റിന് എത്ര രൂപാ നിരക്കിലാണ് വാങ്ങുന്നത്, വ്യക്തമാക്കുമോ ; | (ബി) | 2013 ഡിസംബർ മാസത്തിലെ കണക്കു പ്രകാരം പ്രതിദിനം ശരാശരി 9.02 ദശലക്ഷം യൂണിറ്റ് വൈദ്യുതി പവർ എക്സ്ചേഞ്ചിൽ നിന്നും ട്രേഡർമാർ വഴി യൂണിറ്റിന് ശരാശരി 5 രൂപ 33 പൈസ നിരക്കിൽ വാങ്ങിയിട്ടുണ്ട്. |
| (സി) | 2013-ന് മെച്ചപ്പെട്ട കാലവർഷം കിട്ടിയിട്ടും ഈ വർഷവും പരീക്ഷ സമയത്ത് ലോഡ് ഷെഡിംഗിന് വൈദ്യുതി ബോർഡിൽ നിന്നും നീക്കം നടക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; വ്യക്തമാക്കുമോ ? | (സി) | വൈദ്യുതി പ്രതിസന്ധി രൂക്ഷമായിരുന്ന 2012-13-ൽ പോലും പരീക്ഷ സമയത്ത് സംസ്ഥാനത്ത് ലോഡ് ഷെഡ്ഡിംഗ് ഏർപ്പെടുത്തിയിട്ടില്ല. ഈ വർഷവും പരീക്ഷാ കാലയളവിൽ സംസ്ഥാനത്ത് ലോഡ് ഷെഡ്ഡിംഗ് ഏർപ്പെടുത്തുകയില്ല.<br><br>വരുന്ന വേനൽക്കാലത്ത് സംസ്ഥാനത്തെ ജലവൈദ്യുതോല്പാദനത്തിനും, കേന്ദ്ര നിലയങ്ങളിൽ നിന്നുള്ള വൈദ്യുതിക്കും പുറമേയുള്ള വൈദ്യുതി ആവശ്യകത വൈദ്യുതി വ്യാപാരികളിൽ നിന്നും വാങ്ങി ഉപയോഗിക്കുന്നതിന് നടപടികൾ എടുത്തിട്ടുണ്ട്. കൂടുതലായി വരുന്ന വൈദ്യുതി ആവശ്യകത എനർജി എക്സ്ചേഞ്ചുകളിൽ നിന്നും, വില കൂടിയ ദ്രവ ഇന്ധന നിലയങ്ങളിൽ നിന്നും വാങ്ങി ഉപയോഗിച്ച് വേനൽക്കാലത്തെ വൈദ്യുതി ആവശ്യകത ലോഡ് ഷെഡ്ഡിംഗ് ഒഴിവാക്കി നിറവേറ്റുന്നതാണ്. |

സെക്ഷൻ ഓഫീസർ.